# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 354 — 23.01.2018 — ൽ മറുപടിക്ക്

## പുതിയ റേഷൻ കാർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. അബ്ദുറഹിമാൻ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) | പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കാത്തതും വിതരണം ചെയ്യാത്തതും മൂലം ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ എപ്പോൾ മുതൽ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | അന്തിമ മുൻഗണനാ പട്ടികയിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുള്ളതായും അർഹർ ഉൾപ്പെടുവാൻ ഉള്ളതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അനർഹരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനും അർഹരെ പട്ടികയിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് പുതുക്കുന്ന നടപടികളാണ് നിലവിൽ നടന്നു വരുന്നത്. ഈ നടപടികൾ ഉടൻ പൂർത്തിയാക്കി പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ്. |
| (സി) | പുതിയ എ.പി.എൽ / ബി.പി.എൽ റേഷൻ കാർഡിൽ കടന്നുകൂടിയിട്ടുള്ള അപാകതകളും തെറ്റുകളും എപ്പോൾ പരിഹരിച്ച് നൽകാൻ കഴിയും; നിലവിൽ എന്തൊക്കെ നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) | അന്തിമ മുൻഗണനാ പട്ടികയിൽ കടന്നു കൂടിയ അനർഹരെ ഒഴിവാക്കി അർഹരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളിന്മേൽ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | തിരൂർ താലൂക്കിൽ പൊതുവിതരണത്തിന് പൊതുവായ ഒരു ഗോഡൗൺ കണ്ടെത്തിയിട്ടുണ്ടോ? | (ഡി) | തിരൂർ താലൂക്കിൽ 5 ഗോഡൗണുകളിൽ നിന്നാണ് നിലവിൽ റേഷൻ വിതരണം നടത്തിവരുന്നത്. വാതിൽപ്പടി വിതരണത്തിന് ഗോഡൗൺ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സപ്ലൈകോയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*